**210**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2017.

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. 'രാത്രിനടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് ? നെല്ല് കൂലി കിട്ടിയില്ലെങ്കിൽ പോകാതിരുന്നാലെന്ത് ? കോരൻ ചിന്തിച്ചു'. കോരന്റെ ചിന്തകളിൽ തെളിയുന്ന ഭാവം കണ്ടെത്തിയെഴുതുക. 1
   - നിരാശ
   - പ്രതിഷേധം
   - സങ്കടം
   - ഭയം

2. 'കണ്ണുകൾ മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണമായ്' – ഈ വരികൾ ധ്വനിപ്പിക്കുന്ന അർത്ഥ സൂചന താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് ? 1
   - പോളകൾ തൂങ്ങിയിരിക്കുന്നു
   - പീള അടിഞ്ഞിരിക്കുന്നു
   - കണ്ണിന്റെ വെളിച്ചം നഷ്ടപ്പെട്ടു
   - കണ്ണ് മഞ്ഞ നിറമായിരിക്കുന്നു

3. 'എങ്ങിനികൊണ്ടിറക്കേണ്ടു <u>സ്വയം ബുദ്ധി-</u> 2

   <u>കെട്ടു കരിന്തിരിയാളും വരെയവർ</u>

   ഒന്നെന്നെ കൊണ്ടു പോയീടണമെന്നുള്ള

   ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ചകോവിലിൽ'

   – അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വിശദമാക്കുക.

4. 'മുകളിൽ നിന്നും കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്ന് മേൽപ്പോട്ടുവളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു' ഈ വരികളിൽ തെളിയുന്ന ആശയം വ്യക്തമാക്കുക. 2

Score

5. 'കർക്കിടകമാസത്തിലെ കറുത്ത വാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെക്കൊണ്ടു നക്ഷത്ര നിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൾക്കടമാക്കിത്തീർത്തു.' 2

– ഈ വരികളിലെ വർണ്ണനാഭംഗി വ്യക്തമാക്കുക.

**ഏതെങ്കിലും അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക (**അരപ്പുറം**) 5x4=20

6.
- "ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്യാന്ന് വെച്ചാൽ"
- "കണ്ണ് കാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങള് വിളിക്കുന്നേടത്തും പറേന്നേടത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതുതന്നെ വല്യകാര്യം"

– ഓരോവിളിയും കാത്ത്

പരസ്പരസ്നേഹത്തേക്കാൾ സ്ത്രീയുടെ മുകളിൽ സമൂഹം അടിച്ചേല്പിച്ച വിധേയത്വ ഭാവമാണ് 'ഓരോവിളിയുംകാത്ത്'എന്നകഥയിൽ പ്രതിഫലിക്കുന്നത്.

- സമർത്ഥിക്കുക.

7. "പരിഷ്കാരങ്ങൾക്ക് പിന്നാലെയുള്ള ഓട്ടപ്പാച്ചിലിനിടയിൽ മലയാളി കൈവിട്ടു കളയുന്നത് പോയകാലത്തിന്റെ 'നന്മകളെയാണ്. 'ഓണ മുറ്റത്ത് ' എന്ന കവിതയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക.

8. 'ആരുതേടും ? നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ ?

'ഇവിടെ അമ്മ മാതൃഭാഷ തന്നെയാണ് '. മലയാള ഭാഷ നേരിടുന്ന വെല്ലു വിളികളുടെ പശ്ചാത്തലത്തിൽ മുകളിൽക്കൊടുത്ത വരികൾ വിശകലനം ചെയ്യുക.

9. 'പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയെയാണ്'. ജഫേഴ്സന്റെ ഈ വാക്കുകളുടെ അടിസ്ഥാനത്തിൽ "ജനാധിപത്യവ്യവസ്ഥയിൽ പത്രങ്ങളുടെ പ്രധാന്യം" എന്ന വിഷയത്തെക്കുറിച്ച് മുഖ പ്രസംഗം തയ്യാറാക്കുക.

10. 'ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും. അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നുവരാം. അതിലാർക്കും വിരോധമില്ല. തന്റെ കൂടെ മറ്റവരും തകർന്നാൽ മതി'.

കുടുംബങ്ങൾ തമ്മിലും വഴക്കുകളിലെന്ന പോലെ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിലും ഭീകരാക്രമണങ്ങളിലുമെല്ലാം പ്രതിഫലിക്കുന്നത് ഈ മനോഭാവമല്ലേ ? സ്വന്തം അഭിപ്രായം സമർത്ഥിച്ച് കുറിപ്പ് തയ്യാറാക്കുക.

Score

11. "ഉവ്വേരിക്കും, പക്ഷെ, എന്തായാലും സ്വർണത്തിന്റെ വെലേണ്ടാവോ? ഈ റേഡിയോം പാട്ട്വൊക്കെ ഇനിയ്ക്കത്ര പിടിത്തല്ലാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്. ആ നേരം വല്ല പണീം എട്ത്താല് നാല് കാശ്ണ്ടാക്കാം.''

- പണയം

– ചെമ്പു മത്തായിയുടെ ഈവാക്കുകളിൽ തെളിയുന്ന മനോഭാവം വിശകലനം ചെയ്യുക.

**ഏതെങ്കിലും രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഒരുപുറം) 2x6=12

12. കോഴിയും കിഴവിയും, അമ്മയുടെ എഴുത്തുകൾ എന്നീ രചനകൾ മാതൃത്വത്തെ സംബന്ധിച്ച് നൽകുന്ന സന്ദേശം എന്ത് ? പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

13. ജാതി ഒന്നാണെന്നതിന് തെളിവൊന്നും വേണ്ടല്ലോ. ഒരു പട്ടി വേറൊരു പട്ടിയെക്കണ്ടാൽ അതിന്റെ ജാതിയാണെന്ന് മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവുണ്ട് അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്ക് മാത്രം സംശയം. സ്വന്തം ജാതിയെ തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളേക്കാളും മോശം.

– ശ്രീനാരായണഗുരുവിന്റെ വാക്കുകളുടെ സമകാലിക പ്രസക്തി പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

14. പ്ലാവിലക്കഞ്ഞി, അമ്മത്തൊട്ടിൽ എന്നീ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കി 'വൃദ്ധ ജനങ്ങളോടുള്ള സമൂഹത്തിന്റെ മാറുന്ന മനോഭാവം' എന്ന വിഷയത്തിൽ ലേഖനം തയ്യാറാക്കുക.

-oOo-